# നാഴിക അറിയായ്കയാൽ സമയം തക്കത്തിൽ ഉപയോഗിക്കുക

## സങ്കീർത്തനങ്ങൾ 90:12

"ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ."

പ്രിയ ദൈവജനമേ, ഏറെ പ്രാധാന്യം അർഹിക്കുന്ന ഒരു വേദവാക്യമാണല്ലോ നാം വായിച്ചത്. യേശുകർത്താവ് തന്റെ പരസ്യശുശ്രൂഷാ വേളയിൽ അനേകം ഉപമകളിലൂടെയും, ഉപദേശങ്ങളിലൂടെയും, കൂടിയിരുന്ന ജനത്തോട് ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് അറിയിച്ചു. നാഴിക അറിയായ്കയാൽ ലഭിച്ച സമയം തക്കത്തിൽ ഉപയോഗിക്കേണ്ടതാകുന്നു.

യോഹന്നാൻ 9:4. 'എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു. ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു'.

ശീലോഹാം കുളത്തിന്റെ കരയിൽ വർഷങ്ങളായി കാത്തിരുന്ന കുരുടന്റെ രോഗസൗഖ്യ ശുശ്രൂഷയിലാണ് നാം ഈ വാക്യങ്ങൾ വായിക്കുന്നത്. ആത്മീയതലത്തിൽ നാം ചിന്തിക്കുമ്പോൾ 'പകൽ' സമയം എന്നു പറയുന്നത് പരിശുദ്ധാത്മാവ് നമ്മോടുകൂടെ ഈ ലോകത്തിൽ വസിക്കുന്ന സമയം എന്നു നാം അറിയുന്നല്ലോ. ഈ വാക്യങ്ങളിൽകൂടി നാം മനസ്സിലാക്കേണ്ടത് നാം എപ്പോഴാണ് പ്രവർത്തിക്കേണ്ടത് എന്നാണ് .

നമുക്ക് ലഭിച്ചിരിക്കുന്ന ഈ സമയത്തിൽ പ്രവർത്തിക്കണമെങ്കിൽ നാം ഓരോരുത്തരും അതിനായി ഒരുക്കപ്പെട്ടവരായിരിക്കണം. പത്തു കന്യകമാരുടെ ഉപമ നമുക്കേവർക്കും സുപരിചിതമാണല്ലോ. അതിൽ പത്തുപേരും വിളക്ക് കരുതിയിരുന്നെങ്കിലും അഞ്ചു പേർക്ക് വേണ്ട രീതിയിൽ അഥവാ വേണ്ടത്ര അളവിൽ എണ്ണ കരുതുവാൻ സാധിച്ചില്ല. അതിനാൽ ആ അഞ്ചുപേർക്കും മണവാളന്റെ കൂടെ അകത്തു പ്രവേശിക്കുവാൻ സാധിച്ചില്ല എന്നു നാം കാണുന്നല്ലോ. അതുകൊണ്ട് ഒരുക്കത്തിലായിരുന്നു എന്നു പറഞ്ഞതുകൊണ്ടുമാത്രം ഒരുകാര്യവുമില്ല. അതു ദൈവഹിത പ്രകാരമുള്ളതായിരിക്കണം, ദൈവത്തിനു പ്രസാദകരമായ രീതിയിലും ആയിരിക്കണം.

ബാഹ്യമായ ഒരുക്കങ്ങളോ പ്രവർത്തികളോ അല്ല നമ്മെ യോഗ്യരാക്കുന്നത്. ആത്മീയമായി നാം എത്രത്തോളം ഒരുങ്ങിയിരിക്കുന്നു എന്നാണ് നാം ചിന്തിക്കേണ്ടത്. ദൈവവചനം ധ്യാനിക്കുകയും, പഠിക്കുകയും, അതോടൊപ്പം ദൈവഹിതത്തിനായി

പ്രാർത്ഥനയോടും, വിശ്വാസത്തോടും, നമ്മെത്തന്നെ സമർപ്പിക്കണം. നമ്മിലൂടെ ദൈവ പ്രവൃത്തി മറ്റുള്ളവരിലേയ്ക്കും പകരപ്പെടണം.

യേശു തന്റെ ശുശ്രൂഷകൾക്കു മുന്നോടിയായി എഴുപതുപേരെ നിയമിച്ചയക്കുന്നത് നാം കാണുന്നല്ലോ. ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ എന്ന വലിയ ആഹ്വാനം കൂടിയാണ് ആ എഴുപതുപേരിൽകൂടി യേശു ജനത്തോടറിയിക്കുന്നത്. ഇതുപോലെ അവനുവേണ്ടി വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. ഇതേ ലക്ഷ്യം നിറവേറ്റപ്പെടുവാൻ വേണ്ടിയാണ് പരിശുദ്ധാത്മാവിനെ അവൻ അച്ചാരമായി നമുക്കു തന്നതും. പകൽ ഉള്ളേടത്തോളം മാത്രമേ നമുക്ക് ദൈവരാജ്യത്തിനായി പ്രവർത്തിക്കാൻ സാധിക്കൂ. നമ്മുടെ നാളുകൾ ചുരുക്കം എന്ന് എണ്ണി വിശ്വസ്തതയോടെ അവന്റെ വേലകൾ തികയ്ക്കുവാൻ നമുക്ക് സാധിക്കട്ടെ.

പരാമർശം:

ലൂക്കോസ് 10:2

കൊയ്ത്തു വളരെ ഉണ്ട് സത്യം. വേലക്കാരോ ചുരുക്കം. ആകയാൽ കൊയ്ത്തിന്റെ യജമാനനോട് തന്റെ കൊയ്ത്തിനു വേലക്കാരെ അയയ്ക്കേണ്ടതിന് അപേക്ഷിപ്പിൻ.

സിസ്റ്റർ ഫെബി മറിയം വിനോദ് കായംകുളം 006